പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1243 — 11/02/2016 ൽ മറുപടിക്ക്

# സർവ്വേ അദാലത്തുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; ഇത് വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും റവന്യൂ-സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്. റവന്യൂ സർവ്വേ വകുപ്പുകളിൽ 31/10/2014 വരെ നിലവിലുണ്ടായിരുന്നതും 01/11/2014 മുതൽ 20/12/2014 വരെ ലഭിച്ചതുമായ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കിയും, റവന്യൂ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുകയുമായിരുന്നു അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ, മാസങ്ങളായോ, പരിഹരിക്കപ്പെടാതെ കിടക്കുന്നതും, എന്നാൽ നിയമക്കുരുക്കുകളോ, കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിച്ചിരുന്നത്. |
| (ബി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) | റവന്യൂ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യൂ-സർവ്വേ അദാലത്ത് സംഘടിപ്പിക്കുകയും, LRM, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, |

KLU, പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 31/10/2014 വരെ ലഭിച്ചിരുന്നതും 01/11/2014 മുതൽ 20/12/2014 വരെ ലഭിച്ചതുമായ 4,76,377 അപേക്ഷകളിൽ 4,75,796 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ